# പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2405** — **18.07.2011 ൽ മറുപടിയ്ക്ക്**

## കേപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജി. സുധാകരൻ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ (സഹകരണ വകുപ്പ് മന്ത്രി) |
| (എ) കേപ്പിന്റെ ഡയറക്ടർ, ചീഫ് എഞ്ചിനീയർ, ഫിനാൻസ് ഓഫീസർ, & ഓഡിറ്റ് ആന്റ് അക്കൗണ്ടന്റ് എന്നീ തസ്തികകളിൽ നിയമിക്കുന്നവർക്ക് പൊതു സ്ഥാപനങ്ങളിൽ പ്രവർത്തിക്കേണ്ടവർക്കുള്ള സത്യസന്ധത, നിഷ്പക്ഷത, സഹകരണ മനോഭാവം, കക്ഷി രാഷ്ട്രീയരാഹിത്യം, നല്ല പ്രൊഫഷണലിസം എന്നിവ ഉള്ളവരാണെന്ന് ഉറപ്പുവരുത്തുമോ; | (എ) (ബി) കേപ്പിന്റെ ഡയറക്ടർ അടക്കമുള്ള ഉദ്യോഗസ്ഥൻമാരെ അവരുടെ തെളിയിക്കപ്പെട്ട സത്യസന്ധതയുടേയും കഴിവിന്റേയും ആത്മാർത്ഥതയുടേയും അടിസ്ഥാനത്തിൽ മാത്രമാണ് പരിഗണിക്കപ്പെട്ടിട്ടുള്ളത്. |
| (ബി) നിയമനം ലഭിച്ചവരിൽ ആരെങ്കിലും ഈ ഗുണവിശേഷങ്ങൾ ഇല്ലാത്തവരാണെന്ന് കണ്ടാൽ അവരെ ഒഴിവാക്കി, ഉന്നത പ്രൊഫഷണലുകളെ കേപ്പിൽ നിയമിക്കാൻ നടപടി സ്വീകരിക്കുമോ; | |
| (സി) നിയമനം ലഭിച്ചവർക്കെതിരെ ആക്ഷേപങ്ങൾ ഉന്നയിച്ചാൽ, അന്വേഷിച്ച് നടപടി സ്വീകരിക്കുമോ; | (സി) നടപടി സ്വീകരിക്കും |
| (ഡി) ഉന്നത ഉദ്യോഗസ്ഥരെ കോൺട്രാക്ട് അടിസ്ഥാനത്തിൽ കേപ്പിൽ നിയമിക്കുന്നതിനുമുമ്പ് അവരുടെ പൂർവ്വകാല പ്രവർത്തനവും നടപടികളും പരിശോധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇനിയും പരിശോധിക്കുമോ; | (ഡി) പരിശോധിച്ചിട്ടുണ്ട് |

| | | | |
|---|---|---|---|
| (ഇ) | പുന്നപ്രയിലെ കേപ്പ് സ്ഥാപനങ്ങളെപ്പറ്റി കേപ്പിലെ ചില ഉന്നത ഉദ്യോഗസ്ഥന്മാർ പരസ്യമായി കുറ്റം പറയുന്നത് അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; | (ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (എഫ്) | ആലപ്പുഴ ജില്ലയിലെ പുന്നപ്ര സഹകരണ ആശുപത്രിയിൽ തീരുമാനിക്കപ്പെട്ട എല്ലാ വികസന പദ്ധതികളും തടസ്സം കൂടാതെ മുന്നോട്ട് കൊണ്ടുപോകുമോ; ഇവിടുത്തെ ഹൃദയ ശസ്ത്രക്രിയ യൂണിറ്റ് നേരത്തേ നിശ്ചയിച്ചതുപോലെ ഓഗസ്റ്റ് മാസം ഒടുവിൽ ഉത്ഘാടനം ചെയ്യാൻ നടപടി സ്വീകരിക്കുമോ; | (എഫ്) | എല്ലാ വികസന പദ്ധതികളും കേപ്പിന്റെ സാമ്പത്തിക സ്ഥിതി കൂടി കണക്കിലെടുത്ത് സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുന്നതാണ്. |
| (ജി) | കേപ്പിലെ ആഡിറ്റർ ആന്റ് അക്കൗണ്ടന്റ് ആയിട്ടുള്ള ശ്രീ. കുമാരൻ കേപ്പ് സർവ്വീസിൽ വന്നിട്ട് എത്ര വർഷമായി; കഴിഞ്ഞ അഞ്ചു വർഷം കേപ്പിന്റെ എല്ലാ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗങ്ങളിലും അദ്ദേഹം പങ്കെടുക്കുകയും ഉപദേശ നിർദ്ദേശങ്ങളും നൽകിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അദ്ദേഹം രേഖാമൂലം നിരസിച്ച ഏതെങ്കിലും തീരുമാനം, കേപ്പ് എക്സിക്യൂട്ടീവ് കമ്മിറ്റി നടപ്പാക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അങ്ങനെ തീരുമാനിക്കാൻ എക്സിക്യൂട്ടീവ് കമ്മിറ്റി കണ്ടെത്തിയ കാരണം എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ; | (ജി) | അഞ്ചര വർഷമായി ശ്രീ. കുമാരൻ ഇന്റേണൽ ആഡിറ്റ് ഓഫീസറായി ജോലി നോക്കുന്നു. കേപ്പിന്റെ ഗവേണിംഗ് ബോഡി മെമ്പർ അല്ലാത്തതിനാൽ ടിയാൻ യോഗങ്ങളിൽ പങ്കെടുക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (എച്ച്) | കൊച്ചി സഹകരണ മെഡിക്കൽ കോളേജിൽ എം.ബി.ബി.എസ്. പ്രവേശനത്തിന് 2006-ന് മുമ്പ് ചില വിദ്യാർത്ഥികളിൽ നിന്ന് ശേഖരിച്ച ഏഴുകോടി രൂപ വിനിയോഗിച്ചതിനെപ്പറ്റിയുള്ള പരിശോധന പൂർത്തിയായോ; | എച്ച്) | പൂർത്തിയായി |

| | | | |
|---|---|---|---|
| (ഐ) | ആറന്മുളയിലെയും പത്തനാപുരത്തേയും പുതിയ എഞ്ചിനീയറിംഗ് കോളേജുകളുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ അടങ്കൽ തുക എത്രയാണ് ; ഈ വർഷം ഈ കോളേജുകളിൽ അഡ്മിഷൻ നടത്താൻ നടപടി സ്വീകരിക്കുമോ? | (ഐ) | ആറന്മുള എഞ്ചിനീയറിംഗ് കോളേജിന്റെ പ്രവർത്തനങ്ങൾക്കായി 5.14 കോടി രൂപയും, പത്തനാപുരം എഞ്ചിനീയറിംഗ് കോളേജിന്റെ പ്രവർത്തനങ്ങൾക്കായി 6.14 കോടി രൂപയുമാണ് അടങ്കൽ തുക. എ.ഐ.സി.റ്റി. യുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ആവശ്യമായ മേൽ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ